(ഇ) ദൈനംദിന ക്ലീനിംഗിന് പുറമേ ആഴ്ചയിലൊരിക്കൽ ആശുപത്രി വാർഡുകളും വരാന്തകളും കഴുകുവാനും പരിസരം വൃത്തിയാക്കുന്നതിനും വേണ്ടി ഒരു സൂപ്പർവൈസറും പതിനഞ്ചിലധികം ആൾക്കാരും ഉൾപ്പെടെ ഒരു ക്ലീനിംഗ് സ്കാഡിനെ സൊസൈറ്റി ഏർപ്പെടുത്തിയിട്ടുണ്ട്.

ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ

177 (1112) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ എത്ര ഹോസ്പ്പിറ്റൽ ഡെവലപ്പുമെന്റ് കമ്മിറ്റികൾ ഉണ്ട് ; എന്നു മുതലാണ് ഇവ പ്രവർത്തനം ആരംഭിച്ചത് ;

(ബി) എസ്.എ.റ്റി. ആശുപത്രിക്കും മെഡിക്കൽ കോളേജ് ആശുപത്രിക്കും പ്രത്യേകം ഡവലപ്പ്മെന്റ് സൊസൈറ്റികൾ വേണമെന്ന് നിശ്ചയിച്ചതിന്റെ ഉദ്ദേശം എന്ത് എന്ന് വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർക്കാർ പുതുതായി നിയമിച്ച ആശുപത്രി വികസന സമിതികളിൽ ഏതെല്ലാം പുനഃസംഘടിപ്പിച്ചിട്ടുണ്ട് ; ഏതെല്ലാം സമിതികൾ ആദ്യയോഗം ചേർന്നിട്ടുണ്ട് ;

(ഡി) ഇതിനോടകം ആദ്യയോഗം പോലും ചേർന്നിട്ടില്ലാത്ത സമിതികളുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് ഹോസ്പിറ്റൽ ഡെവലപ്പുമെന്റ് കമ്മിറ്റികൾ ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി - 12-7-1995-ൽ നിലവിൽ വന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കീഴിലുള്ള കണ്ണാശുപത്രിയിൽ ഒരു ആശുപത്രി വികസന സമിതി 10-7-2000 മുതൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ ആശുപത്രിയിൽ നിന്നും ഉണ്ടാകുന്ന വരുമാനം അതാത് ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇത്.

(സി & ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 8-1-2001-ൽ ആദ്യയോഗം ചേരുകയുണ്ടായി. തിരുവനന്തപുരം കണ്ണാശുപത്രി വികസന സമിതിയുടെ ആദ്യയോഗം 21-7-2000-ൽ കൂടിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly